"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

നം:98/ഡിഡി2/2021/തസ്വഭവ

തദ്ദേശസ്വയംഭരണ (ഡിഡി) വകുപ്പ്

തിരുവനന്തപുരം,

തീയതി: 26/08/2021

## സർക്കുലർ

വിഷയം:- തദ്ദേശസ്വയംഭരണവകുപ്പ്-മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (കേരളം) - പ്രവൃത്തിക്കിടയിൽ തൊഴിലാളികൾക്ക് സംഭവിക്കുന്ന അപകടം - ചികിത്സാ ചെലവ്, എക്സ്ഗ്രേഷ്യ എന്നിവ അനുവദിക്കുന്നത് - പ്രാബല്യം - സ്പഷ്ടീകരണം നൽകുന്നത് - സംബന്ധിച്ച്.

സൂചന:- 1. കേന്ദ്ര സർക്കാരിന്റെ ഗസറ്റ് വിജ്ഞാപനം നം.S.O. 19(E) തീയതി 03.01.2014

2. ഗവ.സർക്കുലർ നം.ഡി.ഡി.2-252/2020/ത.സ്വ.ഭ. തീയതി 05.02.2021

3. മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടറുടെ 17.03.2021-ലെ 55609/2020/ബി1/ആർ.ഇ.ജി.എസ് നമ്പർ കത്ത്

************************

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം-2005-ലെ വ്യവസ്ഥകൾ പ്രകാരം തൊഴിലാളികൾക്ക് നൽകേണ്ടുന്ന എക്സ്ഗ്രേഷ്യ, ചികിത്സാ ആനുകൂല്യം എന്നിവ സംബന്ധിച്ച് വിവിധ സാഹചര്യങ്ങളിൽ ഗ്രാമ, ബ്ലോക്ക്, ജില്ലാ തലങ്ങളിൽ തൊഴിലുറപ്പ് പദ്ധതിയുടെ ചുമതലാ ഉദ്യോഗസ്ഥർ കൂടുതൽ സ്പഷ്ടീകരണം ആവശ്യപ്പെട്ട സാഹചര്യത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രവൃത്തിക്കിടയിൽ തൊഴിലാളികൾക്ക് സംഭവിക്കുന്ന അപകടത്തെ തുടർന്നുള്ള ചികിത്സാരീതി, ചികിത്സാ ചെലവ്, എക്സ്ഗ്രേഷ്യ മുതലായവ അനുവദിക്കുന്നത് സംബന്ധിച്ച് സൂചന (2) സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിട്ടുള്ളതാണ്. ടി സർക്കുലർ പ്രകാരം തൊഴിലാളികൾക്ക് സംഭവിക്കുന്ന മരണം, സ്ഥായിയായ അംഗവൈകല്യം എന്നിവയ്ക്ക് ആം ആദ്മി ബീമാ യോജന പ്രകാരമുള്ള എക്സ്ഗ്രേഷ്യ തുക (നിലവിൽ 75,000/- രൂപ) നിശ്ചയിച്ച് തീരുമാനിച്ചിട്ടുള്ളതുമാണ്.

എന്നാൽ വർദ്ധിച്ച നിരക്കിലുള്ള എക്സ്ഗ്രേഷ്യയ്ക്ക് ഏത് തീയതി മുതൽ അർഹതയുണ്ട് എന്ന കാര്യത്തിൽ വിവിധ ജില്ലകളിൽ നിന്നും സ്പഷ്ടീകരണം ആവശ്യപ്പെടുന്നതായും ആയതിനാൽ ഇക്കാര്യത്തിൽ സ്പഷ്ടീകരണം നൽകണമെന്നും സൂചന (3) പ്രകാരം മിഷൻ ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

മേൽ വിവരിച്ച സാഹചര്യത്തിൽ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രവൃത്തിക്കിടയിൽ തൊഴിലാളികൾക്ക് മരണം, സ്ഥായിയായ അംഗവൈകല്യം എന്നിവ സംഭവിക്കുന്നപക്ഷം എക്സ്ഗ്രേഷ്യ ആയി ആം ആദ്മി ബീമാ യോജന പ്രകാരമുള്ള ആനുകൂല്യം (നിലവിൽ 75,000/- രൂപ) നൽകുന്നതിന്, ദേശീയ തൊഴിലുറപ്പ് നിയമം-2005-ൽ സൂചന (1) പ്രകാരം ഭേദഗതി വരുത്തിയ തീയതിയായ **2014 ജനുവരി മൂന്ന്** മുതൽ പ്രാബല്യം നൽകാവുന്നതാണെന്ന് സ്പഷ്ടീകരണം നൽകുന്നു.

ബിജുക്കുട്ടൻ എം എസ്
അഡിഷണൽ സെക്രട്ടറി

പകർപ്പ്:

മിഷൻ ഡയറക്ടർ, ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി
ഗ്രാമവികസന കമ്മീഷണർ,തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
എല്ലാ ജില്ലാ പ്രോഗ്രാം കോർഡിനേറ്റർ/ ജില്ലാ കളക്ടർമാർക്കും (മിഷൻ ഡയറക്ടർ മുഖേന)
എല്ലാ ഗ്രാമ/ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറിമാർക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്),തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ, ഐ & പി.ആർ.ഡി.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം
Signed by Nisam N
Date: 27-08-2021 11:11:13
Reason: Approved
സെക്ഷൻ ഓഫീസർ.

പകർപ്പ്:

ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

ബഹു.തദ്ദേശ സ്വയംഭരണം, ഗ്രാമവികസന, എക്സൈസ് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

തദ്ദേശ സ്വയഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പിഎ.യ്ക്ക്